HON'BLE MR. K. R. ELANKATH : അതെ. ഒരു പൊതു നയമായിട്ട് സ്വീകരിച്ചിട്ടുണ്ട്.

MR. K. SARANGADHARAN : എല്ലാ റൂട്ടുകളിലും എക്സ്പ്രസ് ബസുകൾ ആവശ്യം പോലെ ഉണ്ടെന്നാണോ പറയുന്നത്?

HON'BLE MR. K. R. ELANKATH : ഞാൻ പറഞ്ഞ ഉത്തരത്തിൽനിന്നും അങ്ങിനെ അർത്ഥം വരുന്നില്ല.

Average life of a State Transport Bus.

*590, MR. K. SARANGADHARAN: Will the Hon'ble Minister for Transport be pleased to state what is the average life of a State Transport Bus?

HON'BLE MR. K. R. ELANKATH : സാധാരണ ആവറേജ് ലൈഫ് നാലുകൊല്ലമാണ്.

MR. P. T. CHACKO *(Kottayam II—General)* : ബസു ഓടിത്തുടങ്ങുന്നതിനു മുൻപു എത്രകാലം റിപ്പയറിനു ഇടാറുണ്ട്.

HON'BLE MR. K. R. ELANKATH : ഓടിക്കുന്നതിനുമുമ്പ് റിപ്പയറിന് ഇടാറില്ല.

MR. M. O. CHERIAN : നാലുകൊല്ലം ആവറേജ് ലൈഫ് എന്നു പറഞ്ഞതു ഓടുന്ന ബസിനാണോ ഓടിക്കാതിരിക്കുന്ന ബസിനാണോ?

HON'BLE MR. K. R. ELANKATH : ഓടിച്ചാലുള്ള കായ്മാണ് പറഞ്ഞത്.

MR. G. CHANDR SEKHARA PILLAI : ആവറേജ് ലൈഫ് എന്നു പറഞ്ഞാൽ എന്താണ്?

HON'BLE MR. K. R. ELANKATH : ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിന്റെ കണക്കനുസരിച്ച് നാലുകൊല്ലം ശരിയായി ഓടുകയെന്നാണ്.

MR. G. CHANDRA SEKHARA PILLAI : നാലുകൊല്ലം റിപ്പയർ കൂടാതെ ഓടുമെന്നാണോ പറയുന്നത്?

HON'BLE MR. K. R. ELANKATH : സാമാന്യേന അതെ.

MR. P. T. CHACKO : ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞു 6 ബസ്സുകൾ വാങ്ങിയിട്ട് ഇതുവരെ ഓടിക്കാതെ റിപ്പയറിന് ഇട്ടിരിക്കുകയാണെന്ന്. അങ്ങനെയാണെങ്കിൽ ഈ ആവറേജ് ലൈഫ് നാലുകൊല്ലമെന്നു പറയുന്നതിന്റെ അർത്ഥമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH : സ്പെയർ പാർട്ട്സ് കിട്ടാത്തതു കൊണ്ടു ഒരു ബസുകൾ മാത്രം അങ്ങിനെയിട്ടിരിക്കുന്നുവെന്നു പറഞ്ഞുള്ളൂ. ഞാൻ പറഞ്ഞതു പൊതുവേ സാധാരണയുള്ള കണക്കാണ്.

MR. M. O. CHERIAN : എല്ലാ റൂട്ടുകളിലും ഓടുന്ന വണ്ടിക്ക് ഈ നാലുകൊല്ലം ആവറേജ് ലൈഫ് ഉണ്ടോ ?

HON'BLE MR. K. R. ELANKATH : പൊതുവെ എല്ലാത്തിനേയും വേർത്താണ് ഇതു കണക്കാക്കിയിട്ടുള്ളത്.

MR. ABDUL AZIZ : ബഹുമാനപ്പെട്ട മന്ത്രിയുടെ നിർവചനം അനുസരിച്ച് ഇപ്പോൾ ജീവനുള്ള ബസുകൾ എത്രയുണ്ടെന്നു പറയാമോ?

HON'BLE MR. K. R. ELANKATH : 400 എണ്ണമാണ്.

MR. S. KUTTAN : ജീവനില്ലാത്ത ബസുകൾക്ക് ജീവൻ കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. K. R. ELANKATH : ഉദ്ദേശിക്കുന്നുമുണ്ട്. ജീവൻ കൊടുത്തുവരുന്നുമുണ്ട്.

MR. A. CHIDAMBARANATHA NADAR : சுகக்கேட்டிலிருக்கிற பஸ்களுக்கு வைத்தியம் டாக்டர வைத்தியர்களை நியமித்ததுண்டா ?

*HON'BLE MR. K. R. ELANKATH : ഡിപ്പാർട്മെന്റിൽ ഒരു ഓട്ടോമൊബൈൽ ഇൻജിനീയറും സ്റ്റാഫും ഉണ്ട്.

സമുദായം തിരിച്ചുള്ള പട്ടിക.

591. MR. THARIATHU KUNJITHOMMAN *(Moovattupuzha II—General)*. താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

എഡ്യൂക്കേഷൻ വകുപ്പിലെ ഇൻസ്പെക്ടറന്മാരുടെയും ഇൻസ്പെക്ട്രസുകളുടെയും സമുദായം തിരിച്ചുള്ള പട്ടിക ദയവുചെയ്തു മേശപ്പുറത്തു വയ്ക്കുമോ?

HON'BLE MR. N. KUNJURAMAN : പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്. വേണമെങ്കിൽ വായിക്കാം.

MR. K. P. NILAKANTA PILLAI : The question is, will the Hon'ble Minister be pleased to lay on the table the schedule That Is placed on the table.

MR. THARIATHU KUNJITHOMMAN : പട്ടിക ഒന്നു വായിച്ചു കേട്ടാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly